**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **26-07-2021 - ൽ മറുപടിയ്ക്ക്**

**മരം മുറി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ ചന്ദനമല്ലാത്ത മരങ്ങൾ മുറിക്കാമെന്ന് റവന്യൂ വകുപ്പ് സർക്കുലർ ഇറക്കുകയുണ്ടായോ; സർക്കുലറിലെ അവ്യക്തത ചൂണ്ടിക്കാട്ടി ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുകയുണ്ടായോ; | (എ) | പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വമേധയ കിളിർത്തുവരുന്നതോ ആയ വൃക്ഷങ്ങളുടെ അവകാശം കർഷകർക്കാണെന്നാണ് സർക്കുലറിൽ പറഞ്ഞിട്ടുള്ളത്. ജില്ലാ കളക്ടർമാർ സമീപിച്ചിട്ടില്ല. |
| (ബി) | ഇതിനെ തുടർന്ന് വിശദമായ ഉത്തരവ് ഇറക്കുകയുണ്ടായോ; പതിച്ച് നൽകിയ ഭൂമിയിൽ നിന്നും കർഷകർ വെച്ച് പിടിപ്പിച്ച മരങ്ങൾ മാത്രമല്ല, ഭൂമി ലഭിക്കുന്ന സമയത്ത് വില അടച്ച് രജിസ്റ്റർ ചെയ്ത മരങ്ങൾ കൂടി മുറിക്കാമെന്നും അതിന് മറ്റ് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ലെന്നും ഇങ്ങനെ മരം മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പരാമർശിക്കുകയുണ്ടായോ; | (ബി) | ഉണ്ട്. പതിച്ച് നൽകിയ ഭൂമിയിൽ നിന്നും കർഷകർ വെച്ച് പിടിപ്പിച്ച മരങ്ങൾ മാത്രമല്ല, ഭൂമി ലഭിക്കുന്ന സമയത്ത് വില അടച്ച് രജിസ്റ്റർ ചെയ്ത മരങ്ങൾ കൂടി മുറിക്കാമെന്നും അതിന് മറ്റ് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ലെന്നും ഇങ്ങനെ മരം മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പരാമർശിച്ചിരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ഉത്തരവിലെ ആനുകൂല്യം ഉപയോഗിച്ചാണോ സംരക്ഷിത മരങ്ങളായ തേക്ക്, ഈട്ടി തുടങ്ങിയവ മുറിച്ചു മാറ്റിയതെന്ന് വ്യക്തമാക്കാമോ; ഈ മരങ്ങൾ മുറിച്ചു കടത്തിയതു മൂലം സർക്കാരിനു ഉണ്ടായിട്ടുള്ള നഷ്ടമെത്ര രൂപയാണെന്ന് അറിയിക്കാമോ? | (സി) | ഉത്തരവിന്റെ ആനുകൂല്യം ഉപയോഗിച്ച് പട്ടയഭൂമിയിലുണ്ടായിരുന്ന സംരക്ഷിത വൃക്ഷങ്ങൾ മുറിക്കാനാകില്ല. മറ്റു വിവരങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ